(ഡി) ഈ അദ്ധ്യയന വർഷത്തിൽ കുട്ടികൾക്ക് പ്രവേശനം കൊടുക്കുവാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ ; കഴിയുമെങ്കിൽ എത്ര കുട്ടികൾക്ക് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി). സഹകരണ അക്കാദമിയുടെ കീഴിൽ കൊച്ചിയിൽ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് കളമശ്ശേരിയിൽ 60 ഏക്കർ സ്ഥലം സർക്കാർ സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. അവിടെ ആവശ്യമായ കെട്ടിടങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ വർഷം (2000-2001) തന്നെ അദ്ധ്യയനം ആരംഭിക്കുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായിവരുന്നു. യോഗ്യരായ അദ്ധ്യാപകരെ നിയമിച്ചുകഴിഞ്ഞു. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അനുമതിയോടനുബന്ധിച്ചുള്ള പരിശോധന ഈ മാസം നടക്കുന്നുണ്ട്.

(സി) 19-1-2000-ൽ

(ഡി) ഈ അദ്ധ്യയന വർഷത്തിൽ 100 കുട്ടികൾക്ക് പ്രവേശനം കൊടുക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

നീതിസ്റ്റോറുകളുടെ ലാഭനഷ്ടക്കണക്ക്

100 (940) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നീതിസ്റ്റോറുകൾ ഇപ്പോൾ നഷ്ടത്തിലാണോ ലാഭത്തിലാണോ പ്രവർത്തിക്കുന്നത് ;

(ബി) ലാഭത്തിലാണെങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ലാഭം എത്ര ;

(സി) നഷ്ടത്തിലാണെങ്കിൽ നഷ്ടം എത്ര ;

(ഡി) നഷ്ടം വരുത്തുന്ന സ്റ്റോറുകളെ ലാഭത്തിലാക്കാൻ എന്തു നടപടി സ്വീകരിച്ചു ; വിശദീകരിക്കാമോ ?

ഉത്തരം

(എ-സി) നീതിസ്റ്റോറുകൾ ലാഭവും നഷ്ടവും ഇല്ലാതെ പ്രവർത്തിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പ്രവർത്തനത്തിനിടയിൽ ചെറിയ ലാഭമോ ചെറിയ നഷ്ടമോ ഉണ്ടാവാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 364 സ്റ്റോറുകൾ ലാഭത്തിലും 515 സ്റ്റോറുകൾ നഷ്ടത്തിലുമാണ് എന്ന് ഒരു പ്രാഥമിക കണക്കു പ്രകാരം കണ്ടിട്ടുണ്ട്. കൃത്യമായ കണക്കുകൾ ബന്ധപ്പെട്ട സംഘങ്ങളുടെ ആഡിറ്റ് പൂർത്തിയാകുന്ന മുറയ്ക്കേ പൂർത്തിയാകൂ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൺസ്യൂമർ ഫെഡറേഷൻ ഫീൽഡ് അസിസ്റ്റന്റുമാരെ നിയോഗിച്ച് ഓരോ സ്റ്റോറിന്റേയും പോരായ്മകൾ പഠിച്ച് വിൽപ്പന വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്പോൾ നോട്ട് ബുക്ക്, സ്കൂൾ സ്റ്റേഷനറി, പാചകവാതകം എൽ.പി.ജി. സ്റ്റൗ എന്നിവയും നീതിസ്റ്റോറുകൾ വഴി ലഭ്യമാക്കിയിട്ടുണ്ട്. വിൽപ്പന വർദ്ധിപ്പിക്കുന്നതിനായി ആവശ്യമായ എല്ലാ നിത്യോപയോഗ സാധനങ്ങളും നീതി സ്റ്റോറിൽ ലഭ്യമാക്കിയിട്ടുണ്ട്. നീതിസ്റ്റോറുകൾ വൈകുന്നേരം കൂടുതൽ സമയം പ്രവർത്തിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സർക്കാരിൽനിന്നും മാനേജീരിയൽ സബ്സിഡി, റെന്റ് സബ്സിഡി, ഓഹരിമൂലധനം, പലിശയില്ലാവായ്പ, എൻ.ജി.ഡി.സി.സ്കീം പ്രകാരം മാർജിൻ മണി എന്നീ ധനസഹായങ്ങൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നൽകിവരുന്നു. നീതിസ്റ്റോറിന്റെ പ്രവർത്തനം വിലയിരുത്തി പോരായ്മകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുവാൻ അതാതു സ്ഥലത്തുള്ള വകുപ്പുതല ഉദ്യോഗസ്ഥന്മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രൈമറി സഹകരണ സംഘങ്ങളിൽ നിന്നുള്ള നിക്ഷേപങ്ങൾ സമാഹരിക്കൽ

101 (941) പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീമതി രാധാ രാഘവൻ : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രൈമറി സഹകരണ സംഘങ്ങളിൽ നിന്നുള്ള നിക്ഷേപങ്ങൾ സമാഹരിക്കുവാൻ ഗവൺമെന്റ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) ഈ പദ്ധതി പ്രകാരം ഇതുവരെ എന്തു തുക പിരിഞ്ഞുകിട്ടിയെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) സംഘങ്ങളിൽ നിന്നും നിക്ഷേപങ്ങൾ സമാഹരിക്കാൻ മാത്രമായി പദ്ധതി തയ്യാറാക്കിയിട്ടില്ല.

(ബി&സി) ബാധകമല്ല.

പ്രാഥമിക സംഘങ്ങൾ ട്രഷറികളിൽ തുക നിക്ഷേപിക്കണമെന്ന നിർദ്ദേശം

102 (942) ശ്രീ. ബി. വിജയകുമാർ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. പി. വിശ്വനാഥൻ : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly